# ശുചിത്വമിഷൻ
## തദ്ദേശസ്വയംഭരണ വകുപ്പ്
## കേരള സർക്കാർ

നം.2773/എ/2018/എസ്.എം  തീയതി : 17/08/2018

# പരിപത്രം

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - അപ്രതീക്ഷിതവും, അഭൂതപൂർവ്വവുമായ പ്രളയക്കെടുതി - അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന അപ്രതീക്ഷിതവും, അഭൂതപൂർവ്വവുമായ പ്രളയക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകളിലും, വീടുകളിലും, പൊതു ഇടങ്ങളിലും ശുചിത്വം ഉറപ്പുവരുത്തുന്നതിന് ചുവടെ ചേർക്കുന്ന അടിയന്തിര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തണമെന്ന് നിർദ്ദേശിക്കുന്നു.

1. ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ശുചിത്വസംവിധാനങ്ങൾ ഉറപ്പുവരുത്തി, അടിയന്തിരമായി പരിഹരിക്കേണ്ട വിഷയങ്ങൾ ക്യാമ്പ് പ്രവർത്തിക്കുന്ന സ്ഥലത്തെ തദ്ദേശസ്ഥാപനത്തിന്റേയും, ജില്ലാഭരണകൂടത്തിന്റേയും ശ്രദ്ധയിൽ കൊണ്ടുവരിക
2. ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് ശുചിത്വമേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. ജില്ലാമിഷൻ ടീം ഇതിലേയ്ക്ക് 24 മണിക്കൂറും പ്രവർത്തനസജ്ജരാകുക. സംസ്ഥാന മിഷനിൽ നിന്ന് സഹായം വേണ്ടതുണ്ടെങ്കിൽ അടിയന്തിരമായി അറിയിക്കേണ്ടതാണ്
3. ക്യാമ്പ് പ്രവർത്തിക്കുന്ന സ്ഥലങ്ങളിലെ ശൗചാലയങ്ങൾ പരിപാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക. ഇതിനായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റേയും, ക്യാമ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റേയും സേവനം തേടേണ്ടതാണ്
4. ക്യാമ്പുകളിലെ ആഹാരാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിലേയ്ക്ക് വെള്ളക്കെട്ടില്ലാത്തതും മഴ നനയാത്തതുമായ ഇടങ്ങളിൽ വളക്കുഴികൾ സ്ഥാപിക്കുന്നു എന്ന് ഉറപ്പുവരുത്തുക. (തുമ്പൂർമുഴി മാതൃകയിലുള്ള സംസ്കരണ സംവിധാനങ്ങൾ തദ്ദേശസ്ഥാപനം വഴി സ്ഥാപിക്കുവാൻ സാധിക്കുമെങ്കിൽ അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. പ്രാദേശികമായി ലഭ്യമായ വിവിധതരത്തിലുള്ള കണ്ടെയ്നറുകൾ തുടങ്ങിയവയും യുക്തിസഹമായി കംപോസ്റ്റിംഗിന് ഉപയോഗിക്കാം. കമ്പോസ്റ്റിംഗ് വേഗതയിലാക്കുന്നതിന് ഇനോക്കുലം, ചാണകം തുടങ്ങിയവ ഉപയോഗപ്പെടുത്താവുന്നതാണ്)

5. ക്യാമ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പരിസരത്ത് വെള്ളം കെട്ടിനിൽക്കുന്നത് ശ്രദ്ധയിൽപെട്ടാൽ അവ ഒഴുക്കി വിടുന്നു എന്ന് ഉറപ്പാക്കുക. ഒഴുക്കി വിടാൻ പറ്റാത്ത തരത്തിൽ വെള്ളം കെട്ടികിടക്കുന്ന ഇടങ്ങളിൽ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ കൊതുക് നശീകരണത്തിനുള്ള മരുന്നുകൾ തളിപ്പിക്കുക

6. ശുചിത്വമിഷന്റെ റിസോഴ്സ് പേഴ്സൺമാരെ ഓരോ ക്യാമ്പുകളിലും നിയോഗിച്ച് ശുചിത്വനിർദ്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുക.

7. പകർച്ചവ്യാധികൾ തടയുന്നതിലേയ്ക്ക് ആരോഗ്യവകുപ്പുമായി ചേർന്ന് മുൻകരുതലുകൾ എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുക

8. അടിയന്തിര ഘട്ടങ്ങളിൽ ബ്ലോക്ക്, മുനിസിപ്പൽ, പഞ്ചായത്ത് ആഫീസുകളിൽ ശുചിത്വ എമർജൻസി സെന്ററുകൾ സ്ഥാപിച്ച് ശുചിത്വപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. ഇതിലേയ്ക്ക് റിസോഴ്സ് പേഴ്സൺമാരുടെ സേവനം വിനിയോഗിക്കാവുന്നതാണ്.

9. അങ്കണവാടികൾ, സ്കൂൾശൗചാലയങ്ങൾ, പൊതുശൗചാലയങ്ങൾ ഇവയ്ക്ക് കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ അവ ഉപയോഗയോഗ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുക.

10. ജില്ലയിൽ മഴക്കെടുതി രൂക്ഷമായ പ്രദേശങ്ങളിലെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും **<u>ജില്ലാമിഷൻ കോ-ഓർഡിനേറ്റർ നേരിട്ട് സന്ദർശിച്ച് വാർഡ്മെമ്പറിന്റെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനം നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക.</u>**

11. ക്യാമ്പുകളിൽ നിന്ന് മടങ്ങി സ്വന്തം വാസസ്ഥലങ്ങളിലേയ്ക്ക് പോകുന്നവരുടെ ഭവനങ്ങൾ സന്ദർശനം നടത്തി ശുചിത്വസൗകര്യം ഉറപ്പാക്കുക. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാരുടെ സഹായത്തോടെ, അയൽക്കൂട്ടങ്ങൾ മുഖേനെ ശുചിത്വസൗകര്യങ്ങളുടെ ന്യൂനതകൾ തദ്ദേശസ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും അവ മെച്ചപ്പെടുത്തുന്നതിന് വേണ്ട ഉപദേശ-നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

12. ശുചിത്വ മാലിന്യ സംസ്കരണ ഉപാധികളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമുള്ള സാങ്കേതിക ഉപദേശം ടെക്നിക്കൽ കൺസൾട്ടന്റുമാർ വഴി അടിയന്തിരമായി നൽകേണ്ടതാണ്.

13. ശുചിത്വമിഷന്റെ സർവ്വീസ് പ്രൊവൈഡർമാരുടെ സേവനം ലഭ്യമാക്കുന്നതിലേയ്ക്ക് അവരുടെ വിലാസവും, ബന്ധപ്പെടേണ്ട നമ്പറും മാധ്യമങ്ങൾക്കും, ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും ലഭ്യമാക്കേണ്ടതാണ്.

14. ക്യാമ്പുകളിലും വാസസ്ഥലങ്ങളിലുമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് ചാക്കുകളിൽ കെട്ടി സൂക്ഷിക്കുക. ഇത് ശേഖരിക്കുന്നതിനു വേണ്ട സംവിധാനം ക്ലീൻ കേരള കമ്പനിയും, സ്ക്രാപ്പ് ഡീലേഴ്സും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ചെയ്യുന്നതിനുവേണ്ട സംവിധാനം ഒരുക്കുക.

15. ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക തെളിഞ്ഞിരിക്കുന്നുവെന്നതുകൊണ്ടു മാത്രം എല്ലാ വെള്ളവും സുരക്ഷിതമല്ല. വെള്ളത്തിൽ രോഗകാരികൾ ആയേക്കാവുന്ന ബാക്ടീരിയ, വൈറസ് തുടങ്ങിയ സൂക്ഷ്മ ജീവികളും കൊതുകുകൾ, വിരകൾ, അട്ടകൾ തുടങ്ങിയവയുടെ മുട്ടകളും

ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ കുടിക്കുവാനുള്ള വെള്ളം തിളപ്പിച്ച ശേഷം ചൂടാറ്റി ഉപയോഗിക്കുക. തിളച്ചാൽ മതിയാകും. കൂടുതൽ സമയം തിളപ്പിക്കേണ്ടതില്ല. ചൂടാറ്റുവാൻ തിളപ്പിച്ച വെള്ളത്തിലേക്ക് ഒരു കാരണവശാലും പച്ചവെള്ളം ചേർത്ത് ഉപയോഗിക്കരുത്.

16. കൂടുതൽ നാൾ സംഭരിച്ചുവച്ചിട്ടുള്ള വെള്ളവും പൊതുവിതരണം നടത്തുന്ന വെള്ളവും കിണറ്റിലെ വെള്ളവും ക്ലോറിനേറ്റ് ചെയ്ത് മാത്രം ഉപയോഗിക്കുക.
17. ക്ലോറിനേഷൻ എന്നത് തികച്ചും പ്രായോഗികവും ഫലപ്രദവുമായ അണുനശീകരണ മാർഗ്ഗമാണ്. ബ്ലീച്ചിംഗ് പൗഡറാണ് സാധാരണയായി ക്ലോറിനേഷന് ഉപയോഗിക്കുന്നത്. ഒമ്പതടി വ്യാസമുള്ള കിണറിന് ഒരു കോൽ വെള്ളത്തിലേക്ക് (ഒരു പടവ് / പാമ്പിരി) ഏകദേശം ഒരു ടേബിൾ സ്പൂൺ ബ്ലീച്ചിംഗ് പൗഡർ മതിയാകും. വലുപ്പം കൂടിയ കിണറുകൾക്ക് ഇതനുസരിച്ച് കൂടുതൽ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കുക.
18. ആദ്യ തവണ സൂപ്പർ ക്ലോറിനേഷൻ ചെയ്യുകയായിരിക്കും ഉത്തമം. അതിനായി ബ്ലീച്ചിംഗ് പൗഡറിന്റെ അളവ് ഏറെക്കുറെ ഇരട്ടിയാക്കുക. ആവശ്യത്തിനുള്ള ബ്ലീച്ചിംഗ് പൗഡർ ഒരു പ്ലാസ്റ്റിക് ബക്കറ്റിലെടുത്ത് മുക്കാൽ ഭാഗം വെള്ളമൊഴിച്ച് നന്നായി ഇളക്കി ചേർക്കുക. അതിനു ശേഷം അഞ്ച് മിനിട്ട് ഊറാൻ അനുവദിക്കുക. പിന്നീട് തെളിഞ്ഞ വെള്ളം മാത്രം കിണറ്റിലേക്ക് ഒഴിച്ച് കിണർ വെള്ളം നന്നായി ഇളക്കുക. അര മണിക്കൂറിനു ശേഷം ഉപയോഗിക്കാം. കിണറിലെ വെള്ളത്തിന് ക്ലോറിന്റെ നേരിയ ഗന്ധം വേണം അതാണ് ശരിയായ അളവ്. ഒട്ടും ഗന്ധം ഇല്ലെങ്കിൽ അൽപം കൂടി ബ്ലീച്ചിംഗ് പൗഡർ ഒഴിക്കുക.
19. മഴക്കാലം കഴിയുന്നതു വരെ ഇടക്കിടെ ജലസ്രോതസ്സിൽ ക്ലോറിനേഷൻ ചെയ്യേണ്ടതാണ്. മഴക്കാലത്തിനുശേഷം ഇടവേളകളുടെ ദൈർഘ്യം വർദ്ധിപ്പിക്കാം.
20. കിണറുകളും ലഭ്യമായ കുടിവെള്ള സ്രോതസ്സുകളും ശുദ്ധീകരിക്കുന്നതിനും പരിസരവും പൊതു ഇടങ്ങളും ശുചിയായി വയ്ക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾക്ക് വലിയ പ്രചരണം നൽകേണ്ടതും പൊതുജനങ്ങൾക്ക് വേണ്ട പ്രേരണയും സഹായവും ലഭ്യമാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കെല്ലാം റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനം വേണ്ടത്ര ഉറപ്പാക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ എല്ലാംതന്നെ വേഗത്തിലും ചിട്ടയോടേയും സംഘടിപ്പിക്കുകയും വിവരങ്ങൾ സംസ്ഥാനമിഷനിൽ യഥാസമയം റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.